പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 497 29.06.2011 - ൽ മറുപടിയ്ക്ക്

## പിലാത്തറ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പാരാമെഡിക്കൽ സയൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.വി.രാജേഷ് | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സിമെറ്റിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ പിലാത്തറയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പാരാ മെഡിക്കൽ സയൻസ് എന്ന സ്ഥാപനത്തിൽ എന്തൊക്കെ കോഴ്സുകളാണ് നടത്തുന്നത്; | (എ) | രണ്ട് വർഷം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ മെഡിക്കൽ ലബോറട്ടറി ടെക്നോളജി (ഡി.എം.എൽ.ടി) കോഴ്സ് മാത്രമേ നടക്കുന്നുള്ളൂ. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ എത്ര കുട്ടികൾ ഇപ്പോൾ പഠിക്കുന്നുണ്ട്; | (ബി) | ഒരു വർഷം ആകെ 30 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാം. നിലവിൽ ഒന്നാം വർഷ വിദ്യാർത്ഥികളായി 17 പേരും രണ്ടാം വർഷ വിദ്യാർത്ഥികളായി 28 പേരും പഠിക്കുന്നു. |
| (സി) | ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം പണിയാനുള്ള നടപടി സ്വീകരിക്കുമോ; | (സി) | കെട്ടിടം നിർമ്മിക്കുന്നതിന് 30 സെന്റ് ഭൂമി ചെറുതാഴം പഞ്ചായത്ത് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഡി) | ഇവിടത്തെ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) & (ഇ) | ഉണ്ട്. 14 പേർ ആവശ്യമുള്ള സ്ഥാനത്ത് നിലവിൽ 6 പേർ മാത്രമേയുള്ളൂ. 26-02-2011-ലെ ജി.ഒ.(എം.എസ്)നം.130/2011/എച്ച് & എഫ്ഡബ്ല്യു ഡി ഉത്തരവ് പ്രകാരം ഈ സ്ഥാപനം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിൽ കൊണ്ടു വന്നപ്പോൾ 14 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഈ തസ്തികകളിലേയ്ക്കുള്ള നിയമനത്തിനു വേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. |
| (ഇ) | എങ്കിൽ എന്തെല്ലാം പരിഹാര നടപടികളാണ് പരിഗണനയിലുള്ളത് എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ